# വരവുകളുടെ

# നിയമസംഗ്രഹം.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

# വരവുകളുടെ നിയമസംഗ്രഹം.




ദൈവകൃപയാലും
ശ്ലീഹാസ്ഥാപിതമായ സിംഹാസനത്തിന്റെ മനോഗുണത്താലും
എറണാകുളം മെത്രാപ്പോലീത്തയായ

## നാം,

## കണ്ടത്തിൽ ആഗുസ്തീനോസ്,

നമ്മുടെ അധികാരത്തിൽപെട്ടപള്ളികളിലെബ. വികാരിമാൎക്കും
അസിസ്തേന്തിമാൎക്കും ശേഷം പട്ടക്കാൎക്കും കൊവേന്തകളുടെ
ബ. ശ്രേഷ്ഠന്മാൎക്കും മററു സന്യാസാന്തസ്സുകാർക്കും
വിശ്വാസികൾ എവൎക്കും നമ്മുടെ കൎത്താവീശോ
മ്ശിഹായിൽ സുസ്ഥിരതയും വാഴ്‌വും.

തിരുകൎമ്മങ്ങൾ സംബന്ധിച്ചു പള്ളിക്കും പട്ടക്കാൎക്കും മററും വരേണ്ട സംഖ്യകളുടെ നിരക്ക നിൎണ്ണയിച്ച് നമ്മുടെ വന്ദ്യപുരോഗാമിയായ കാലം ചെയ്ത മാർ ളൂയീസ് മെത്രാനച്ചൻ 1908 ൽ അച്ചടിപ്പിച്ചു പരസ്യംചെയ്ത "വരവുകളുടെ നിയമസംഗ്രഹം" ആണല്ലോ ഇപ്പോൾ ആ വിഷയത്തിൽ പ്രമാണമായി ഉപ

CHRISTIAN MUSICOLOGICAL SOCIETY OF INDIA



യോഗിച്ചുപോരുന്നതു്. എന്നാൽ അക്കാലത്തിനുശേഷം കുർബ്ബാനധർമ്മം സംബന്ധിച്ചും മററും ചില ഭേദഗതികൾ ചെയ്തിട്ടുണ്ടു്. അതിനാൽ ഇപ്പോൾ നടപ്പിലിരിക്കുന്ന വരവുകളുടെ നിയമങ്ങളെ ക്രോഡീകരിച്ചു് വേണ്ട ആലോചനകൾചെയ്തു് ചില വിശദീകരണങ്ങളോടും വ്യത്യസ്തങ്ങളോടുംകൂടി നാം ഈ നിയമസംഗ്രഹം പരസ്യം ചെയ്യുന്നു. "ആത്മകാര്യംവക" കുർബ്ബാനകൾ മുതലായതിനെപ്പററി അയച്ചിട്ടുള്ള കല്പനകൾ ഇതിന്റെ ആരംഭത്തിൽ ചേർത്തിട്ടുണ്ടു്. നമ്മുടെ അതിരൂപതയിലുള്ള എല്ലാവരും ഈ നിയമസംഗ്രഹത്തിലെ വ്യവസ്ഥകളനുസരിച്ചു നടക്കേണ്ടതാണു്. അവയ്ക്കു വിരോധമായൊ വ്യത്യസ്തമായൊ ഉള്ള സകല നടപടികളും, നമ്മുടെ പുരോഗാമികളൊ നാം തന്നെയൊ നൽകിയിട്ടുള്ള നിയമങ്ങളും കല്പനകളും ഇതിനാൽതന്നെ നാം നിർത്തൽചെയ്തു് അസാധുവാക്കിയിരിക്കുന്നു. ഇതിലെ വ്യവസ്ഥകളാൽ നിശ്ചയിച്ചിട്ടുള്ള തുകയിൽ കൂടുതലായി ആരെങ്കിലും നേരെ ചോദിച്ചൊ മറേറതെങ്കിലും വിധത്തിലൊ വാങ്ങിക്കുന്നപക്ഷം ആ കൂടുതൽ തുക തിരികെ കൊടുക്കേണ്ടതാണെന്നു നാം എല്ലാവരേയും അറിയിച്ചിരിക്കുന്നു.

## I.

### ആത്മകാര്യംവക നിത്യകുർബ്ബാന മുതലായവ.

"ആത്മകാര്യംവക" എന്നുപറഞ്ഞാൽ ഏതെങ്കിലും ബാദ്ധ്യതയോടുകൂടി പള്ളിയിൽ ഏല്പിച്ചിരിക്കുന്ന വകകളെല്ലാം എന്നാണർത്ഥം. ഇവ പ്രധാനമായി കുർബ്ബാ

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



നകൾക്കാകകൊണ്ട് "നിത്യക്കുർബ്ബാനവക" എന്നു സാധാരണയായി പറഞ്ഞുപോരുന്നു. ആകയാൽ ഈ വകയിൽ, കുർബ്ബാനകൾ മുതലായതു നടത്താനൊ, തിരുനാൾ കഴിക്കാനൊ, ധർമ്മം ചെയ്വാനൊ, അജ്ഞാനികളുടെയൊ ഇടത്തുട്ടുകാരുടെയൊ മനസ്സുതിരിവിനായി ചിലവിടാനൊ, മനസ്സുതിരിഞ്ഞവരെയൊ തിരിയാനുള്ളവരെയൊ പഠിപ്പിക്കയും മററും ചെയ്യുന്ന ഉപദേശികളുടെ ശമ്പളം മുതലായതിനൊ, സ്കൂളുകളുടെ കാൎയ്യത്തിനൊ, വയസ്സുചെന്നവരെയൊ, ദീനക്കാരെയൊ, അംഗഭംഗംവന്നവരെയൊ സംരക്ഷിക്കാനൊ, അനാഥരുടെപരിപാലനത്തിനൊ, പള്ളിയൊ കൊവേന്തയൊ മഠമൊ ആതുരശാലയൊ മറെറാ പണിയിക്കാനൊ മററു ഉപവിപ്രവൃത്തികൾക്കായി ചിലവിടാനൊ നിശ്ചയിച്ചു് ഏല്പിച്ചിരിക്കുന്നവയെല്ലാം ഉൾപ്പെടുന്നതാണ്. മരിച്ചുപോയവർ തങ്ങളുടെ മരണപത്രികകളിൽ ആത്മകാൎയ്യം സംബന്ധിച്ചു് ചെയ്തിരിക്കുന്നനിശ്ചയങ്ങൾക്ക് ഒരു തിരുനിയമത്തിന്റെ സ്വഭാവമുള്ളതുകൊണ്ട് അവയെ നിൎവ്വഹിക്കുന്നതിനും നിൎവ്വഹിപ്പിക്കുന്നതിനും—പ്രത്യേകിച്ചു് ശുദ്ധീകരണസ്ഥലത്തിൽ വേദന അനുഭവിക്കുന്ന ആത്മാക്കൾക്കു വേണ്ടി നടത്തപ്പെടണമെന്നു് ആ മരണപത്രികകളിൽ നിശ്ചയം ചെയ്തിട്ടുള്ള കുർബ്ബാനകൾ മുതലായവ അതാതുസമയം നടത്തിക്കുന്നതിനും—ശ്രദ്ധിക്കേണ്ടതു മെത്രാന്മാരുടെ പ്രധാനജോലികളിൽ ഒന്നാകകൊണ്ട് "ആത്മകാൎയ്യംവക" തിരുക്കൎമ്മങ്ങളും മററും സംബന്ധിച്ചു താഴെപറയുന്ന പ്രകാരം നാം ആജ്ഞാപിക്കുന്നു:

Christian Musicological Society of India
www.TheCMSIndia.org

1) "ആത്മകാൎയ്യംവക" കണക്കെഴുതുന്നതു പല വിധത്തിൽ ആകാതെ ഏകരീതിയിലായിരിക്കുന്നതിനു വേണ്ടി വരയും പക്ഷങ്ങളും ഇട്ടിട്ടുള്ള ഒരു പുസ്തകം അതിനായി വാങ്ങി ആത്മകാൎയ്യംവക ഓരൊ വസ്തുക്കളുടെയും, പണമായിരുന്നാൽ ഓരോരുത്തർ തന്നിട്ടുള്ള പണത്തിന്റെയും, കണക്കെഴുതുന്നതിനു ആ പുസ്തകത്തിൽ ഓരൊ പേരേട് പിടിക്കണം. ഒരു പേരേട് പിടിച്ചിരിക്കുന്നിടത്തു് അഞ്ചാറു കടലാസ് ഇട്ടുംവച്ചേ വേറൊരു പേരേട് പിടിക്കാവൂ.

2) ഓരൊ പേരേട് പിടിച്ചിരിക്കുന്നിടത്തു് ആദ്യം തന്നെ ആ വസ്തു ആത്മകാൎയ്യത്തിന്നായി പള്ളിക്കു് എഴുതിയ പ്രമാണംതന്നെ പകൎത്തുകയും അതിന്റെശേഷം അതിനെപ്പററി ഉണ്ടായിട്ടുള്ള കല്പനകൾ ചേൎക്കകയും ഇവയെല്ലാം ശരിപകൎപ്പാണെന്നു് ബ. വികാരി സാക്ഷിക്കയുംവേണം. പ്രമാണമില്ലെങ്കിൽ ആവസ്തുവിനെപ്പററിയുള്ള നിയോഗമെന്തെന്നു് നാൾവഴിയും മററു ലക്ഷ്യങ്ങളും നോക്കി തിട്ടപ്പെടുത്തി എഴുതണം. ഇപ്പോൾ വസ്തുവില്ലെങ്കിലും പണ്ടുതുടങ്ങി കുബ്ബാനകൾ ചൊല്ലിച്ചുവരികയുംമററും ചെയ്യുന്നുണ്ടെങ്കിൽ ഈവകയ്ക്കും പേരേട് പിടിക്കേണ്ടിയിരിക്കുന്നു. ഇതിന്റെശേഷം മുൻപു നിത്യക്കുബ്ബാന മുതലായ്തിന്റെ കണക്ക് കൃത്യമായി തീൎത്തതുമുതൽ കഴിഞ്ഞ പള്ളിവക ആണ്ടുതിരട്ടിന്റെ തീയതിവരെയുള്ള സകല വരവുകളുംകൂട്ടി മുൻകുടിശ്ശിക ഉൾപ്പടെ ആകെ എത്ര കുബ്ബാന മുതലായതു ദാതാവിന്റെ നിശ്ചയമനുസരിച്ചു നടത്താനുണ്ടെന്നും, എത്രനടത്തിയെന്നും, ബാക്കി എത്രയുണ്ടെന്നും നല്ലവണ്ണം തിട്ടപ്പെടുത്തി എഴുതണം.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പിന്നീടു അതാതാണ്ടത്തെ പള്ളിത്തിരട്ടിന്റെ തീയതി ക്കൊപ്പിച്ച് "ആത്മകാൎയ്യംവക"കളുടെ കണക്കും ആണ്ടു തോറും തീൎത്ത് പള്ളിത്തിരട്ടോടുകൂടി നമ്മുടെ കച്ചേരി യിൽ ഹാജരാക്കേണ്ടതാണ്.

3) കരവും തേരസ്സും നീക്കിയുള്ള ആദായംകൊണ്ടു കുർബ്ബാന മുതലായതു നടത്തണമെന്നു നിശ്ചയിച്ചിട്ടുള്ള വസ്തുക്കളുടെ അതാതാണ്ടത്തെ ആദായം നോക്കിവേണം കണക്കുതീൎക്കാൻ. ഒരു കുർബ്ബാനയ്ക്കു തികയാതെ മിച്ചം വരുന്നതുകൊണ്ടു അന്നീദാ ചൊല്ലുന്നതിനൊ മററൊ ആധാരത്തിൽ പ്രത്യേകം പറഞ്ഞിട്ടില്ലെങ്കിൽ ഇങ്ങ നെ മിച്ചംവരുന്നത് അടുത്ത ആണ്ടത്തെ കണക്കിൽ കൂട്ടിച്ചേൎത്ത് കൊണ്ടുപോകണം. ഇപ്രകാരംതന്നെ അ തിനുശേഷമുള്ള ആണ്ടുകളിലും ചെയ്യേണ്ടതാണ്. ടി. വസ്തുവിൽ നിന്നു നെല്ലാണ് വരവെങ്കിൽ അതാതുകാ ലത്ത് നെല്ലിനു വരുന്ന വില വച്ചു കണക്കാക്കണം.

4) ഓരൊ വസ്തുവിന് ആദായം എന്തുണ്ടെന്നും അ താതാണ്ടിൽ എത്ര കുർബ്ബാന മുതലായതു നടത്താനുണ്ടെ ന്നും അതിനു പണം എത്രയുണ്ടെന്നും ഓരൊ പേരേടിലും എഴുതുകയും ആ കുർബ്ബാന മുതലായത് ഏല്ക്കുമ്പോൾ പ ണം പററിയതും അവ ഏററതും മററും തീയതിവെച്ചു വിവരമായി രേഖപ്പെടുത്തുകയും ആണ്ടുതോറും ആകെ ത്തുക അതാതു പേരേടിൽതന്നെ കൂട്ടിയിട്ട് മിച്ചമുണ്ടാ യിരുന്നാൽ അത് എത്രയെന്നു കുറിച്ചിടുകയും വേണം.

5) ആത്മകാൎയ്യംവകപേരേടെഴുതുന്ന പുസ്തകത്തി ന്റെ കടശിഭാഗത്തോടു ചേൎന്ന് കുറെ പക്ഷങ്ങൾ എ ഴുതാതെ ഇട്ടിരിക്കണം. അവയിൽ നേൎക്കുനേരെയുള്ള

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

രണ്ടുപക്ഷങ്ങൾ കൂട്ടിയെടുത്ത് 1913-ലെ 68-ാം നമ്പർ പരസ്യക്കല്പനയിലെ അച്ചടിഫാറമനുസരിച്ച് കളങ്ങൾ വരച്ച് ഓരൊ പേരേടിൽ നിന്നുമുള്ള വിവരങ്ങൾ അതാതുകളങ്ങളിലെഴുതുകയും ആകെത്തുകവെച്ചും മററും ഒപ്പിട്ട് അത് ആണ്ടുതിരട്ടോടുകൂടി ഹാജരാക്കുകയും വേണം. ഓരൊ ആണ്ടിൽ ബാക്കിവരുന്നത് പള്ളിത്തിരട്ടിലെപ്പോലെ പിന്നാത്തെ ആണ്ടിൽ മുന്നിരിപ്പായി ചേർത്തെഴുതികൊള്ളേണ്ടതാണ്.

6. നിത്യക്കുർബ്ബാനകൾ മുതലായത് അതാതാണ്ടിലും അതാതുസമയത്തും തന്നെ ചൊല്ലിത്തീർക്കണം. ആകയാൽ ദാതാക്കളുടെ പേരും, ആണ്ടുതോറും നടത്തേണ്ട കുർബ്ബാനകൾ മുതലായതു എത്രയെന്നും ഏതെല്ലാം തീയതികളിലാണെന്നും എഴുതി സങ്കീർത്തിയിൽ കാണത്തക്കവണ്ണം വച്ചിരിക്കണം. കൈക്കുർബ്ബാനകൾ ധാരാളം വരുന്ന പള്ളികളിൽ നിത്യക്കുർബ്ബാനകളെല്ലാം ചൊല്ലിത്തീർക്കാൻ പ്രയാസമുള്ളതുകൊണ്ട് അതാതാണ്ടിൽ ചൊല്ലിത്തീർക്കാൻ പാടില്ലാതെ വരുന്ന കുർബ്ബാനകൾ കുടിശ്ശികയായിഇട്ടേക്കാതെ അവയ്ക്കുള്ള ധർമ്മത്തോടുകൂടി തിരട്ട് ഹാജരാക്കുമ്പോൾ നമ്മെ ഏല്പിച്ചുകൊള്ളണം. നിത്യക്കുർബ്ബാനകൾ അതാതുപള്ളികളിൽ സ്ഥിരമായി താമസിക്കുന്ന പട്ടക്കാർക്കല്ലാതെ മററാർക്കും കൊടുത്തുകൂടാ.

7. ബ. വികാരിയുടെ സമ്മതം കൂടാതെ ഈ കുർബ്ബാനകൾ കൈക്കാരനാകട്ടെ തെസിരേരാകട്ടെ ആർക്കും കൊടുത്തുകൂടാത്തതാണ്.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



10. ന. കൎത്താവിന്റെ പിറവി, ഉയിപ്പ്, പന്ത ക്കുസ്ത, മാതാവിന്റെ കരേററം ഈ തിരുനാളുകളിൽ ജനങ്ങൾക്കു വേണ്ടി ബ. വികാരി സൌജന്യമായി പാ ട്ടു കുൎബ്ബാന പാടുകയും പാട്ടുകാർ മുതലായ ശുശ്രൂഷക ന്മാർ അതിൽ തങ്ങൾ ചെയ്യേണ്ടവ സൌജന്യമായി ചെയ്കയും വേണം. എന്നാൽ ഈ തിരുനാൾക്കുൎബ്ബാനക ൾ ആരുടെയെങ്കിലും അപേക്ഷപ്രകാരം ചൊല്ലേണ്ടിവ ന്നാൽ ജനങ്ങൾക്കായിട്ടുള്ളതു ഒററക്കുൎബ്ബാനയായി അ ടുത്ത ദിവസം ചൊല്ലിയാൽ മതി.

11. അംശമുടക്കിൽ ഉൾപ്പെട്ടിരിക്കുന്ന പട്ടക്കാര ന പതവാരത്തിന്റെ ഓഹരി മുതലായ യാതൊരു വര വുകളും കൊടുത്തുകൂടാ. അയാളുടെ വീതം പതവാ രം പ്രത്യേക കല്പനയൊന്നും ഇല്ലാത്തപക്ഷം പള്ളി യിൽ മുതൽകൂട്ടി കൊള്ളേണ്ടതാണ്.

12. കുമ്പസാരിപ്പിക്കുന്നതിന് അനുവാദം ഇല്ലാ ത്തപട്ടക്കാൎക്കു പതവാരവീതം കൊടുത്തുകൂടാ. പ്രത്യേ ക കല്പനയൊന്നും ഇല്ലാത്തപക്ഷം ആ സംഖ്യ പള്ളി യിൽ മുതൽ കൂട്ടിക്കൊള്ളണം.

13. വേറെപള്ളിയിൽ വികാരിയൊ അസിസ്തേ ന്തിയൊ ആയിരിക്കുമ്പോൾ സ്വന്ത ഇടവകയിൽവന്നു താമസിക്കുന്ന പട്ടക്കാരന്നു ഇടവകയിലെ വരവുകൾ കൊടുത്തുകൂടാ.

14. മരിച്ചവരുടെ പെരുന്നാൾ ദിവസത്തിൽ വ രുന്ന അന്നീദാകൾ എല്ലാപട്ടക്കാരുംകൂടി ചൊല്ലുകയും എത്ര പട്ടക്കാർ ഉണ്ടോ അത്രയും അംശങ്ങളിൽ ഒന്നു കൂടുതലായി പണം ഭാഗിച്ചു രണ്ടു് അംശം ബ. വികാരി

CHRISTIAN MUSICOLOGICAL SOCIETY OF INDIA

എടുക്കുകയും ഓരോന്നു മററു പട്ടക്കാൎക്കു കൊടുക്കുകയും വേണം.

15. നമ്മുടെ അനുവാദത്തോടുകൂടി ഞായറാഴ്ചക ളിലും മററും രണ്ടു കുൎബാന ചൊല്ലുന്നവർ അവയിൽ ഒ ന്നു ജനങ്ങൾക്കായി ചൊല്ലണം.

16. കുൎബാന മുതലായ തിരുക്കൎമ്മങ്ങളും പെരു നാളുകൾ വിവാഹം ശവസംസ്കാരം മുതലായ മററു ക ൎമ്മങ്ങളും സംബന്ധിച്ച് പള്ളിക്കൊ പട്ടക്കാൎക്കൊ വരേ ണ്ടതായ സംഖ്യകൾ മുൻകൂട്ടി തീൎപ്പിച്ചുകൊള്ളണം.

17. ഇടവകയിൽ താമസിക്കുന്ന പട്ടക്കാൎക്ക് ഓ രോതരം ഓഹരികളും പതവാരം മുതലായ മററു ഇട വക വരവുകളും ലഭിക്കുന്നതിനുള്ള അവകാശം നൽകി യിരിക്കുന്നതിനാൽ അതാതു സ്ഥലത്തെ വികാരിമാരോ ടുകൂടി കുമ്പസാരം, പ്രെശ്മ്മാ, ഞായറാഴ്ചയും മററുമുള്ള സാ ധാരണ പ്രസംഗങ്ങൾ, കുട്ടികളുടെ വേദോപദേശം മുത ലായ പള്ളിസംബന്ധമായ ജോലികൾ ചെയ്യാനും ബ. വികാരി കല്പനപ്രകാരമൊ മററൊ സ്ഥലത്തില്ലാതെ പോയാൽ വികാരിയുടെ ചുമതലയിൽപെട്ട ജോലിക ളൊക്കയും ജാഗ്രതയോടെ നടത്തുവാനും തങ്ങളുടെ ഉദാ സീനതയാൽ യാതൊരു ആത്മാവിന്നും നാശം വരാ തെയിരിക്കത്തക്കവണ്ണം വേണ്ടഉത്സാഹങ്ങൾ ചെയ്യുന്ന തിനും അവൎക്കു കടമയുണ്ട്. അവർ ആ കടമ നിൎവ്വ ഹിക്കാത്തപക്ഷം ബ. വികാരി നമ്മെ വിവരം ബോ ധിപ്പിച്ചു കൊള്ളണമെന്നു ഇതിനാൽ തന്നെ നാം ക ല്പിക്കുന്നു.

Christian Musicological Society of India

www.TheCMSIndia.org

പ്രസ്തുത കടമകൾ ശരിയായി നിർവ്വഹിക്കാത്ത പട്ടക്കാർക്ക് ഓഹരികളും പതവാരം മുതലായ വരവുകളും കൊടുത്തുകൂടായെന്നു മുടക്കുന്നതിനു നാം നിർബന്ധിതനാകുമെന്നും എല്ലാവരും അ ിഞ്ഞിരിക്കട്ടെ.

എന്ന്

എറണാകുളം അതിമെത്രാസനാ അരമനയിൽനിന്നും,

൧൯൨൭ സെപ്തംബർ ൮-ാംനു

എറണാകുളം മെത്രാപ്പോലീത്താ.

[illegible] ✠

[illegible]

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## വിഷയസൂചി.


അഗ്രാസനം VII. 3.
അച്ചാരക്കല്യാണം IV. 1.
അടിമ V. 11.
അടിയന്തിരങ്ങൾ VII. 1—5. പക്ഷം 37.
അന്നീദാ VI. 10.
അപരിചിതരായ പട്ടക്കാർ IX. 9.
അയിനി IV. 1. j)
ആണ്ടുചാത്തം VII. 3.
ആണ്ടുകുമ്പസാരം കഴിക്കാഞ്ഞാൽ VI. 14, 15.
ആത്മകാൎയ്യംവക I. 1—24. പക്ഷം 2.
ഏസ്തി VI. 7.
ഒപ്പീസ് VI. 8, 9.
ഒററക്കുൎബ്ബാന II. 1.
കുടപ്പണം IV. 1. d)
കുട്ടികളുടെ ശവം VI. 11, 12, 13.
കുടുംബപ്രതിഷ്ഠ VIII. 4.
കുൎബ്ബാനധൎമ്മം II. 1—18. പക്ഷം 13.
കുറിപ്പണം IV. 1. e) 6.
കുൎബ്ബാനക്കണക്കുപുസ്തകം II. 15,
കൊമ്പഞ്ഞിമെന്ത് VI. 1, 2, 3, 4.
ഗീവൎഗീസ് സഹദായുടെ തിരുനാൾ IX. 5.
ഗ്രെഗോരിയൻ കുൎബ്ബാന II. 17.
ചരമപ്രസംഗം VI. 6.
ചാത്തം VII. 2.
ചാഴി വിലക്കൽ VIII. 6.
ഞായറാഴ്ച ഊട്ട് VIII. 5.
തിരുനാളുകൾ V. 1—11. പക്ഷം 27.
ദക്ഷിണ വെക്കുന്ന പണം VII. 4, 5.
ദരിദ്രരുടെ ശവം VI. 16.
ദൎശനംകൂടാൻ VI. 4, 5.
ദുഃഖവെള്ളിയാഴ്ച പ്രസംഗം VIII. 1.
ധൎമ്മക്കെട്ട് IV. 1. h)
നടവഴക്കം IV. 1. c)


Christian Musicological Society of India
www.TheCMSIndia.org

നവനാൾ V. 10.
നാല്പത്തൊന്ന് VII. 2.
നാളികേരം IX. 5.
നേച്ച് VIII. 5.
പട്ടക്കാരുടെ വരവുവിഭാഗം IX. 1—17. പക്ഷം 41.
പട്ടിണിക്കഞ്ഞി VII. 2.
പതവാരം IV. 1. b) 2, 3, 4, 5.
പതിനേഴ് VII. 2.
പലവക VIII. 1—7. പക്ഷം 39.
പാട്ടുകബ്ബാന II. 2, 3, 9.
പുനർവിവാഹം IV. 1. i)
പുലകുളി VII. 1.
പ്രതിഷ്ഠാകൎമ്മം VIII. 4.
പ്രദക്ഷിണം V. 2. d) 3.
പ്രസംഗം V. 2. c), VI. 6. VIII. 1.
പ്രസംഗത്തിരി V. 5.
ഭക്ഷണച്ചിലവ് II. 8, V. 2.
ഭണ്ഡാരം IV. 1. a) 8.
മരണമണി, കൊടി VI. 7.
മരിച്ചവരുടെ പെരുന്നാൾ IX. 14.
മാദ്ധ്യസ്ഥാപേക്ഷകൾ V. 10.
മാമ്മോദീസാ III. 1, 2. പക്ഷം 18.
യാത്രച്ചിലവ് II. 8.
ലദീഞ്ഞു V. 2. a) 8, 9.
വലിയ ആഴ്ച V. 4.
വിവാഹം IV. 1—14. പക്ഷം 19.
വീടു രശ്മാ VIII. 2, 3.
വെച്ചുകുമ്പിടൽ IV. 1 f)
വേസ്പര V. 2. b)
ശവക്കുഴി രശ്മ VI. 5.
ശേഷക്രിയകൾ VI. 1—18. പക്ഷം 32.
സത്യം VIII. 7.
സ്ത്തപസ്സുകബ്ബാന II. 4, 5, 9.
സ്തോത്രകാഴ്ചപ്പണം VI. 1.
റാസ II. 6, 7, 8, 9.


Christian Musicological Society of India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM.
*8-9-1934.*

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS